(സി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി പൈപ്പ് ലൈനിലെയും പമ്പ് ഹൗസിലെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിച്ചു കഴിയുമ്പോൾ മുളക്കുഴ, വെണ്മണി, മാന്നാർ, ചെന്നിത്തല, തൃപ്പെരുന്തറ, ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, ചെറിയനാട് എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ തിരുവണ്ണൂർ പഞ്ചായത്ത്, മാന്നാർ (ഭാഗീകം) എന്നീ സ്ഥലങ്ങളിൽ തിരുവല്ല-കല്ലിശ്ശേരി കുടിവെള്ള പദ്ധതി വഴിയും ശുദ്ധജല ലഭ്യത ഉറപ്പാക്കാവുന്നതാണ്. ഇതിനുപുറമേ 2015-ലെ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തുന്നതിനായി 18.28 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം

192 (3627) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം വിതരണം നടത്തുന്ന കുടിവെള്ളത്തിൽ ഇരുമ്പിന്റെ അംശം അനുവദനീയമായ അളവിലും കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും കണ്ടെത്തലുകളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഉണ്ടെങ്കിൽ പരിശോധനയിൽ എന്തെല്ലാം കണ്ടെത്തലുകളാണ് ഉള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) അനുവദനീയ അളവിൽ കൂടുതൽ ഇരുമ്പ് കലർന്ന വെള്ളം ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്നതിനാൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽവന്നിരുന്നു. പ്രശ്നം പരിഹരിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റും (CWRDM) കോഴിക്കോട് കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയും ഗുണനിലവാര പരിശോധന സ്ഥിരമായി നടത്തിവരാറുണ്ട്.

(സി&ഡി) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ് ലൈനിലെ എയർ വാൽവിന്റെ അറ്റകുറ്റപണികൾ 15-6-2015-ൽ നടത്തിയ തിനുശേഷം വിതരണം പുനരാരംഭിച്ചപ്പോൾ കുടിവെള്ളത്തിൽ ടർബിഡിറ്റി, ഇരുമ്പ് എന്നിവയുടെ അളവ് അനുവദനീയമായ അളവിൽ കൂടുതലാണെന്ന് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. പരിഹാര നടപടികൾ കൈക്കൊണ്ടു. നിലവിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ അനുവദനീയമായ അളവിലും കൂടുതലായി ഇരുമ്പിന്റെ അംശം കാണപ്പെടുന്നില്ല. ഈ പ്രശ്നം ആവർത്തിക്കാതിരിക്കാൻ വേണ്ടതായ ശുദ്ധീകരണ പ്രക്രിയകൾ ഫലപ്രദമായി നടത്തി വരുന്നുണ്ട്.

അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT)

193 (3628) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിവാസികളുടെ കുടിവെള്ള വിതരണ പദ്ധതിയായ അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT)-ന്റെ കാലിക സ്ഥിതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏതെല്ലാം ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനമാണ് പൂർത്തിയായത് ;

(സി) പ്രധാന പമ്പ് ഹൗസിലേക്കുള്ള വൈദ്യുത കണക്ഷൻ ലഭ്യമാക്കിയോ ; വിശദാംശം നൽകാമോ ;

(ഡി) ഈ പദ്ധതിയിൽ നിന്നും ഒറ്റപ്പാലം നിവാസികൾക്ക് എന്ന് കുടിവെള്ളം ലഭ്യമായി തുടങ്ങും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT) ശുദ്ധജല വിതരണ പദ്ധതിയുടെ ആകെയുള്ള ആറ് ഘടകങ്ങളിൽ തടയണ ഒഴികെ എല്ലാ ഘടകങ്ങളുടെയും

LIBRARY ARCHIVES Kerala Legislative Assembly